# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെന്മല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/408/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 22/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെന്മല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്മല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്മല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/408/2022 തീയ്യതി: 22/06/2022

## കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 17-01-2022 | 29-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2022 | 29-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത് കുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.പ്രീത.എസ്.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺജിത്ത്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീകുമാർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ആർ.ശൈലജ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.പത്മജ തോമസ് | സെക്രട്ടറി | 01-04-2019 | 18-07-2019 |
| ശ്രീ. സഞ്ജയൻ.എസ് | സെക്രട്ടറി | 19-07-2019 | 30-11-2019 |
| ശ്രീ. ആർ.രാജേഷ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2019 | 08-12-2019 |
| ശ്രീ.ഈശ്വരദാസ്.ഇ | സെക്രട്ടറി | 09-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആർ.രാജേഷ്കുമാർ | അസി.സെക്രട്ടറി | 01-04-2019 | 19-12-2019 |
| ശ്രീ.കെ.ശശികുമാർ | അസി.സെക്രട്ടറി | 20-12-2019 | 31-03-2020 |
| ഡോ.ഷെമീർ.എ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2019 | 25-07-2019 |
| ഡോ.ലക്ഷ്മി.എസ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 26-07-2019 | 03-01-2020 |
| ഡോ.ഷെമീർ.എ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 04-01-2020 | 31-01-2020 |
| ഡോ.ലക്ഷ്മി.എസ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-02-2020 | 05-02-2020 |
| ഡോ.രശ്മി | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 06-02-2020 | 31-03-2020 |
| ഡോ.മണിമോഹൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-01-2020 |
| ഡോ.അനീഷ് എം.കെ | വെറ്ററിനറി സർജൻ | 01-02-2020 | 31-03-2020 |
| ശ്രീ.അംജദ ഹബീബ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| നിധീഷ്.റ്റി.വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ.അജീഷ് | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.മേരി സുഷമ | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-04-2019 | 06-05-2019 |
| ഡോ.ബിനി എബ്രഹാം | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 07-05-2019 | 31-05-2019 |
| ഡോ.ദീപ.എൽ | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-06-2019 | 01-07-2019 |
| ഡോ.ബിന്ദു ജോൺ | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-07-2019 | 01-08-2019 |
| ഡോ.തോമസ് കോശി | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-08-2019 | 01-10-2019 |

| | | | |
|---|---|---|---|
| ഡോ.മേരി സുഷമ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 02-10-2019 | 16-12-2019 |
| ഡോ.അർച്ചന | മെഡിക്കൽ ഓഫീസർ-ആയുർവേദം | 17-12-2019 | 31-03-2020 |
| ശ്രീ. ശ്രീലത | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ദീപ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.അഭിലാഷ്.എസ്.എച്ച് | അസി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Arunjith G (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-06-2022) | 1-2 |
| 3 | വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Arunjith G (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: S.S.Preetha (Audit Officer, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith Kumar G (Audit Officer (HG), On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-7 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ സൂക്ഷിക്കുന്നില്ല.<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-7-1 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sreekumar.S (Auditor, On 08-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Ranjith Kumar G (Audit Officer (HG), On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ranjith Kumar G (Audit Officer (HG), On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 01-06-2022) | 1-10 |
| 13 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് കസേര വാങ്ങൽ - ഫയൽ ഹാജരാക്കിയില്ല. 27,500/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Sreekumar.S (Auditor, On 04-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-11 |
| 14 | വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-12 |
| 15 | ഇടമൺ വില്ലേജ് ഓഫീസിലെ കറണ്ട് ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്കി. 7,083/-രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-13 |
| 16 | പുനലൂർ ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അന്ധതനിവാരണ ക്യാമ്പിന്റെ അനൌൺസ്മെന്റ് ചെലവ് ഗ്രാമപഞ്ചായത്ത് നൽകി. 5,500/- രൂപ നിരാകരിക്കുന്നു. | 1-14 |

| | | |
|---|---|---|
| | Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | |
| 17 | ചട്ടവിരുദ്ധമായി ട്രാൻസ്ഥർ റ്റി.എ. മുൻകൂറായി നൽകി - രേഖകൾ ഉൾപ്പെടെ മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-15 |
| 18 | കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം - സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി നിർവഹണം നടത്തി.<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-16 |
| 19 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 1,60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 03-06-2022) | 1-17 |
| 20 | അലമാര വാങ്ങൽ - അംഗീകൃത ക്വട്ടേഷൻ നിരക്കിൽ കൂടിയ വിലയ്ക്ക് സപ്ലൈ ഓർഡർ നല്കി - നഷ്ടം 9,675/-<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-18 |
| 21 | കുടിവെള്ള ഗാർഹിക കണക്ഷൻ - അനുബന്ധരേഖകൾ ഹാജരാക്കിയില്ല - 45,000/- രൂപ തടസ്സം<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-19 |
| 22 | സുരക്ഷാക്രമീകരണങ്ങൾ ഉറപ്പ് വരുത്താതെ സ്ഥാപിച്ച നിരീക്ഷണക്യാമറകൾ ഫലംകണ്ടില്ല.<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-20 |
| 23 | നിക്ഷേപപ്രവൃത്തികൾക്കായി തുക വിനിയോഗിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. 12,855/-രൂപ തടസ്സം.<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-21 |
| 24 | നിക്ഷേപ പദ്ധതികൾക്കായി തുക - വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. 6,95,724/-തടസ്സം ചെയ്യുന്നു.<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-22 |
| 25 | ചെലവ് രേഖകളും തുടർപ്രവർത്തന വിവരങ്ങളും ലഭ്യമായില്ല - പ്രോജക്ട് നിർവഹണം. ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Ranjith Kumar G (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-23 |
| 26 | മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് തുക തടസപ്പെടുത്തുന്നു.<br>Written By: Ranjith Kumar G (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഇടമൺ വില്ലേജ് ഓഫീസിലെ കറണ്ട് ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്കി. 7,083/-രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 3-1 |
| 2 | പുനലൂർ ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അന്ധതനിവാരണ ക്യാമ്പിന്റെ അനൌൺസ്മെന്റ് ചെലവ് ഗ്രാമപഞ്ചായത്ത് നൽകി. 5,500/- രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 3-2 |

| | | |
|---|---|---|
| 3 | അലമാര വാങ്ങൽ - അംഗീകൃത കവട്ടേഷൻ നിരക്കിൽ കൂടിയ വിലയ്ക്ക് സപ്ലൈ ഓർഡർ നല്കി - നഷ്ടം 9,675/-<br>Written By: S.S.Preetha (Audit Officer, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 03-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arunjith G (Senior Grade Auditor, On 06-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 30-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 02-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Anilkumar S (Senior Grade Auditor, On 08-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anilkumar S (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.2.19 തീയതിയിലെ 1 (1)നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2020 | 14.7.20 | - | - |

### 1-2-1 വാർഷികകണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) കോ-ഓപ്പറേറ്റീവ് ബാങ്കിൽ 4,000/- രൂപ സ്ഥിരനിക്ഷേപം ഉണ്ടെന്ന് ബാലൻസ്ഷീറ്റിലെ B12 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രസീത് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2) വസ്തുനികുതി ഡിമാന്റ്-കളക്ഷൻ ബാലൻസ് രേഖപ്പെടുത്തിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

3) തൊഴിൽനികുതി ഡിമാന്റ് വരവ് രേഖപ്പെടുത്തിയ രജിസ്റ്റർ ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4) തൊഴിൽനികുതി, മാർക്കറ്റ് ലേലം, വാടക എന്നീ വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

5) ബാലൻസ്ഷീറ്റ് പ്രകാരം വിവിധ നികുതി-നികുതിയേതര വരവുകൾ മുൻകൂറായി ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6) വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) I-18 ഷെഡ്യൂളിലെ പ്രയർ പീരിയഡ് ഐറ്റംസിന്റെ കൃത്യത ബോധ്യപ്പെടുത്തുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8) B-18 ഷെഡ്യൂളിലെ 'Other Advances' എന്ന ഹെഡിൽ 20,000/- രൂപ അഡ്വാൻസായി അനുവദിച്ചതായി പറഞ്ഞിട്ടുണ്ട് (കേരളോത്സവം 2019-നായി അനുവദിച്ച തുക - വൗച്ചർ നം.21900713/06.11.19). പ്രസ്തുത തുക തൻവർഷം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും (വൗച്ചർ നം.21901044, ചെക്ക് നം.017709 /31.12.19 പ്രകാരം) ബാലൻസ് ഷീറ്റിൽ ക്രമീകരിച്ചിട്ടില്ല.

9) കെ യു ആർ സി എഫ് സി ലോൺ വിവരങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31.03.20-ലെ ലോൺ അടയ്ക്കാൻ ബാക്കിയുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

തൻവർഷത്തെ ലോൺ തിരിച്ചടവ് തുകയിൽ 5,91,300/- വ്യത്യാസം ഉള്ളതിനാൽ 31.03.20 ലെ ലോൺ അക്കൗണ്ടിംഗ് കൃത്യമല്ല.

കെ യു ആർ സി എഫ് സി ലോൺ അക്കൗണ്ടിംഗ് സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയും ലോൺ വരവ് സ്റ്റേറ്റ്മെന്റ്, തിരിച്ചടവ് രേഖകൾ എന്നിവ പ്രകാരവുമുള്ള വ്യതിയാനം താഴെ ചേർക്കുന്നു.

| | 31.03..19 ലെ ലോൺ ബാധ്യത ₹ | തൻ വർഷ ലോൺ വരവ്₹ | ആകെ ₹ | തിരികെ ഒടുക്കിയ തുക₹ | 31.03.20 ലെ ലോൺ ബാധ്യത₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 2,55,60,000/- | 16,480,000/- | 4,20,40,000/- | 33,11,888/- | 3,87,28,112/- |
| ലോൺ രജിസ്റ്റർ, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം | 2,55,60,000/- | 1,64,80,000/- | 4,20,40,000/- | 27,20,588/- | 3,93,19,412/- |

10) സ്റ്റോക്ക് രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി ആയത് വാർഷികധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ആസ്തിഭാഗത്ത് ഉൾപ്പെടുത്തിയിട്ടില്ല.

12) ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം കെ.എസ്.ഇ.ബി-യ്ക്ക് 25,10,400/-രൂപ നിക്ഷേപപ്രവൃത്തികൾക്കായി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

13) വിവിധ ഋണശീർഷവരവുകളുടേയും ചെലവുകളുടേയും വിവരങ്ങൾ രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
14) 168/21 എന്ന പ്രോജക്ടിനായി ചെലവഴിച്ച 1,00,000/-രൂപയുടെ ചെലവ് സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,47,39,988/- |
| ഓഡിറ്റ് വർഷത്തെ വരവ് | 11,23,90,335/- |
| ആകെ | 12,71,30,323/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 11,32,56,528/- |
| നീക്കിയിരിപ്പ് | 1,38,73,795/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,258/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27,29,785/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ | ക്യൂബിൽ തുക ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,50,61,000/- | 2,50,61,000/- | 2,23,43,256/- | 27,17,744/- | 12,59,000/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 89,60,000/- | 89,60,000/- | 59,71,887/- | 29,88,113/- | 0 |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 13,24,000/- | 13,24,000/- | 8,75,007/- | 4,48,993/- | 4,00,000/- |
| ധനകാര്യ കമ്മീഷൻഗ്രാന്റ് (ബേസിക്) | 0 | 1,91,57,723/- | 1,91,57,723/- | 92,88,356/- | 98,69,367/- | 27,68,996/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 93,52,000/- | 93,52,000/- | 48,70,627/- | 44,81,373/- | 11,85,222/- |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 0 | 70,49,000/- | 70,49,000/- | 50,85,604/- | 19,63,396/- | 1,78,924/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വ മിഷൻ | 0 | 1,76,500/- | 1,76,500/- | 1,76,500/- | 0 | 0 |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | 0 | 1,82,00,000/- | 1,82,00,000/- | 1,82,00,000/- | 0 | 0 |
| സാക്ഷരത | 23,850/- | 210/- | 24,066/- | 6/- | 24,060/- | 0 |
| വിമുക്തി | 1000/- | 0 | 1000/- | 1000/- | 0 | 0 |
| ആശ്രയ | 0 | 4,64,966/- | 4,64,966/- | 4,64,966/- | 0 | 0 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| എം ജി എൻ ആർ ഇ ജി എസ് | 13,022/- | 8,49,11,695/- | 8,49,24,717/- | 8,49,20,872/- | 3,845/- | 0 |
| ഐസിഡിഎസ് | 29,67,216/- | 10,11,613/- | 39,78,829/- | 7,00,000/- | 32,78,829/- | 0 |
| സമ്പൂർണ്ണ ശുചിത്വം (ടിഎസ് സി) | 32,84,019/- | 4,66,799/- | 37,50,818/- | 11,53,799/- | 25,97,019/- | 0 |

നീക്കിയിരിപ്പ്/ലാപ്സായ തുകയിൽ സാമ്പത്തിക വർഷത്തെ ക്യൂബിൽ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 25,72,03,245/- | 46 | 8,45,37,446/- | 131 | 79 | 17% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13,022/- | 15,41,695/- | 15,54,717/- | 15,50,872/- | 3,845/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (EFMS-capital) | 0 | 74,04,000/- | 74,04,000/- | 74,04,000/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (EFMS-revenue) | 0 | 7,59,66,000/- | 7,59,66,000/- | 7,59,66,000/- | 0 |
| ആകെ | 13,022/- | 8,49,11,695/- | 8,49,24,717/- | 8,49,20,872/- | 3,845/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67,440/- | 36 |
| കർഷകതൊഴിലാളി പെൻഷൻ | 31,48,200/- | 235 |
| വിധവാപെൻഷൻ | 87,47,400/- | 1406 |
| വാർദ്ധക്യകാലപെൻഷൻ | 87,66,000/- | 1415 |
| വികലാംഗപെൻഷൻ | 19,76,500/- | 307 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1,45,200/- | 15 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |

### 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ സൂക്ഷിക്കുന്നില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടും. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി ഗ്രാമപഞ്ചായത്തിൽ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാരണത്താൽ സേവന സോഫ്റ്റ് വെയറിൽ പെൻഷനുകൾ സസ്പെന്റ് ചെയ്യുന്നതിൽ താമസമുണ്ടാകുന്ന സ്ഥിതിയുണ്ട്. ഇതിനാൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലും പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള രേഖ മരണ സർട്ടിഫിക്കറ്റ് ഉൾപ്പെടുന്ന സംബന്ധമായ ഫയലാണ്. എന്നാൽ ഇത്തരത്തിൽ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതുമൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ, സർവ്വീസ് സഹകരണബാങ്കിൽ നിന്നും ക്രമമായ ഇടവേളകളിൽ മരണമോ മറ്റ് കാരണങ്ങളാലോ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവരുടെ വിശദമായ രേഖകൾ ശേഖരിക്കുകയും അതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ രേഖകൾ അടങ്ങിയ ഫയൽ സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ താമസംവിനാ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-26/ 29.1.22

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-01-2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,496/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ

സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ടെങ്കിലും, ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജന രേഖ പ്രകാരം പൂർണ്ണമായും ജീവനക്കാർ പരിപാലിച്ച് കാണുന്നില്ല.

എ) ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

ബി) വരവ്-ചെലവുകളുടെ അക്കൗണ്ടിംഗ്

കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തും വിധം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. 1/20 മുതൽ 3/20 വരെയുള്ള ബിൽ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്. വെറ്റിനറി സർജ്ജൻ, അസി.സെക്രട്ടറി എന്നീ നിർവ്വഹണോദ്യോഗസ്ഥർ പദ്ധതി ഫയലുകൾ കൂടുതൽ കൃത്യതയോടുകൂടി പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സി) അനിവാര്യ ചുമതലകളുടെ നിർവ്വഹണം

കേരളാ പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഉൾപ്പെട്ട തെരുവുവിളക്കുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പദ്ധതിപ്രകാരമുള്ള വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിൽ നടത്തുന്നുണ്ട്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.1.22 | 4/21 To 9/21 | Nil |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.7.16 മുതൽ | 2011-12 To 2015-16 | 7.10.16 |

1-11 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് കസേര വാങ്ങൽ - ഫയൽ ഹാജരാക്കിയില്ല. 27,500/- രൂപ തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് കസേര വാങ്ങൽ എന്ന പദ്ധതി (പ്രോജക്ട് നമ്പർ 151/2019-20, അടങ്കൽ- 27,530/-) പ്രകാരം കസേര വാങ്ങുന്നതിനായി ബിൽ നമ്പർ 1904045200980041712 തീയതി 5/4/2019 പ്രകാരം 27,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഫയൽ ഓഡിറ്റിൽ ഹാജരാക്കിയില്ല. അതിനാൽ ഈ തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് റിക്വസിഷൻ നമ്പർ 1/2022 തീയതി 28-01-2022

1-12 വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല

വീട് വാസയോഗ്യമാക്കൽ - ജനറൽ ( പ്രോജക്റ്റ് നം.14 ), വീട് വാസയോഗ്യമാക്കൽ - എസ് സി പി (പ്രോജക്റ്റ് നം. 16) പ്രകാരം ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പേര്, വിലാസം<br>ശ്രീ/ ശ്രീമതി | ഒരു ഗുണഭോക്താവിന് അനുവദിക്കുന്ന ആകെ തുക ₹ | അനുവദിച്ച തുക ₹ |
|---|---|---|---|
| 1 | മിനി, സജി വിലാസം, വാർഡ് IV | 50,000/- | 25,000/- |
| 2 | സിജി, തടത്തിൽ മേലേത്തിൽ വിള, വാർഡ് VII | 50,000/- | 25,000/- |
| 3 | സോമൻ, കാലായിൽ വീട്, വാർഡ് XI | 50,000/- | 25,000/- |
| 4 | കമലമ്മ, തടത്തിൽ വീട്, വാർഡ് VI | 75,000/- | 35,000/- |

ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ബാക്കി തുക അനുവദിക്കേണ്ടതാണ്.
സമയബന്ധിതമായും കരാർ പ്രകാരവും പണികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-13 ഇടമൺ വില്ലേജ് ഓഫീസിലെ കറണ്ട് ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്കി. 7,083/-രൂപ നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 12/432-നമ്പർ കെട്ടിടത്തിൽ താൽക്കാലിക കാലയളവിൽ വാടകരഹിതമായി പ്രവർത്തിച്ചിരുന്ന ഇടമൺ വില്ലേജ് ഓഫീസിലെ 5/19 മുതൽ 1/20 വരെയുള്ള കറണ്ട് ചാർജ്ജ് (കൺസ്യൂമർ നമ്പർ-14263) 7,083/-രൂപ (ചെക്ക് നം- 017796/29.2.20) ഗ്രാമപഞ്ചായത്ത് ഒടുക്കി. ഈ ചെലവിന് 10.3.20 ലെ 9(1)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കറണ്ട് ചാർജ്ജിനത്തിൽ ഒടുക്കുവരുത്തിയ 7,083/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-21/ 28.1.22

1-14 പുനലൂർ ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അന്ധതനിവാരണ ക്യാമ്പിന്റെ അനൌൺസ്മെന്റ് ചെലവ് ഗ്രാമപഞ്ചായത്ത് നൽകി. 5,500/- രൂപ നിരാകരിക്കുന്നു.

2019-20 വർഷത്തിൽ പുനലൂർ ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 1.9.19 തീയതിയിൽ നടത്തിയ അന്ധതനിവാരണ ക്യാമ്പിന്റെ അനൌൺസ്മെന്റ് ചെലവിനത്തിൽ 5,500/-രൂപ(ചെക്ക് നം-012150/4.9.19) ഗ്രാമപഞ്ചായത്ത് നൽകി. ഇപ്രകാരം ചെലവു ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 5,500/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-6/ 27.1.22

1-15 ചട്ടവിരുദ്ധമായി ട്രാൻസ്ഫർ റ്റി.എ. മുൻകൂറായി നൽകി - രേഖകൾ ഉൾപ്പെടെ മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ അസി.സെക്രട്ടറി ശ്രീ.ആർ.രാജേഷിന് കുണ്ടറ ഗ്രാമപഞ്ചായത്തിലെക്ക് സ്ഥലമാറ്റം ലഭിച്ചപ്പോൾ ട്രാൻസ്ഫർ റ്റി.എ ഇനത്തിൽ 39,000/-(ചെക്ക് നം-017700/19.12.19)രൂപ മുൻകൂറായി നൽകി. 21.10.1993 തീയതിയിലെ 74/93/ധനം-നമ്പർ സർക്കുലർ പ്രകാരം യാത്രയ്ക്ക് അർഹമായ യാത്രബത്തയുടെ പരമാവധി 75% വരെ തുകയ്ക്ക് മാത്രമേ അർഹതയുള്ളൂ. മാത്രമല്ല, യാത്രബത്തക്ക് ആധാരമായ ടൂർ ഡയറി, യാത്രബത്ത ബിൽ എന്നിവയുടെ അടിസ്ഥാനത്തിലല്ല ടി തുക നൽകിയിരിക്കുന്നത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ മുൻകൂർ രജിസ്റ്റർ പ്രകാരം ടിയാൻ 39,000/-രൂപയും തിരികെ ഒടുക്കിയതായി കാണുന്നു(വൌച്ചർ നം-20080900003/13.6.20). ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 30.4.2013 -ലെ സ.ഉ(അ)197/2013/ ധനം ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനകം മുൻകൂർ ക്രമീകരിച്ചില്ലെങ്കിൽ 18% പിഴപ്പലിശ ഈടാക്കണം. ടിയാനിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല. ആയതിനാൽ 18% പിഴപ്പലിശ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചട്ടവിരുദ്ധമായി യഥേഷ്ടം പണം അനുവദിച്ചുനൽകിയ നടപടി താത്കാലിക പണാപഹരണമായി കണക്കാക്കുന്നു. സെക്രട്ടറിയുടെ ഈ നടപടിക്കുമേൽ ഉചിതമായ അന്വേഷണത്തിനും നടപടിയ്ക്കും പഞ്ചായത്ത് ഭരണസമിതിയുടേയും പഞ്ചായത്ത് വകുപ്പ് ജില്ലാമേധാവിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം-9/ 27.1.22

1-16 കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം - സർക്കാർ ഉത്തരവിനു വിരുദ്ധമായി പദ്ധതി നിർവഹണം നടത്തി.

കറവ പശുക്കൾക്ക് കാലിത്തീറ്റ എന്ന പദ്ധതി ക്ഷീര സഹകരണ സംഘങ്ങൾ വഴി നടപ്പാക്കണമെന്ന് ജി.ഒ(എം.എസ്)22/2018 ത.സ്വ.ഭ വ തീ.14/2/2018 ഖണ്ഡിക 6(2)15 പ്രകാരം നിർദ്ദേശിക്കുന്നു. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിപ്പോൾ സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ കാലിത്തീറ്റ ഇറക്കി വിതരണം ചെയ്യുകയായിരുന്നു. പ്രോജക്ടിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം (ജനറൽ)

പ്രോജക്ട് നമ്പർ-SO101/20

അടങ്കൽ-30,00,000/-(വികസനഫണ്ട് (ജനറൽ വനിത)15,00,000/-, ഗുണഭോക്തൃവിഹിതം- 15,00,000/-)
നിർവ്വഹണം- വെറ്റിനറി സർജൻ

ചെലവ്- 12,15,120/-

വികസനഫണ്ട് -ജനറൽ- 4,98,000/- (6/19-20,dt.14.1.20)

ഗുണഭോക്തൃവിഹിതം- 4,78,080/- (2926470/24.1.20)

ഗുണഭോക്തൃവിഹിതം- 2,39,040/-(2926471/24.1.20)

B) കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം (എസ്.സി.വനിത)

പ്രോജക്ട് നമ്പർ-SO108/20

അടങ്കൽ- 4,80,000/-( വികസനഫണ്ട് (എസ്.സി.പി)-/-,ഗുണഭോക്തൃവിഹിതം-)

ചെലവ്- 2,05,697/-

വികസനഫണ്ട് -(എസ്.സി.പി)- 31,920/- (7/19-20,dt.14.1.20)

വികസനഫണ്ട് -(എസ്.സി.പി)- 38,747/- (E-bill No-585/30.3.20)

വികസനഫണ്ട് -(എസ്.സി.പി)- 33,300/- (E-bill No-571/24.3.20)

ഗുണഭോക്തൃവിഹിതം- 1,01,730/-(2926472/24.1.20)

കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ സഹകരണസംഘങ്ങളിലെത്തിച്ച് നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് വിതരണം ചെയ്തത് വഴി ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന യഥാർത്ഥ ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭിച്ചതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇടമൺ സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

മുഖേനയാണ് പദ്ധതി നടപ്പിലാക്കിയതെന്നും, നടപ്പ് വർഷം ക്ഷീരസംഘങ്ങൾ വഴിയാണ് നടപ്പിലാക്കുന്നതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. പദ്ധതി നിർവ്വഹണാധികാരിയുടെ ഭാഗത്തുനിന്നും ഗുരുതരമായ ചട്ടലംഘനം പദ്ധതി നടത്തിപ്പിൽ ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ച 14,20,817/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. കോ-ഓപ്പറേറ്റിവ് സൊസൈറ്റി മുഖേന യഥാർത്ഥ ക്ഷീരകർഷകർക്കാണ് ആനുകൂല്യം നൽകിയതെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-12/ 27.1.22

1-17 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 1,60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2019-20 വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന തുകകൾ ഗ്രാമപഞ്ചായത്ത് മെഡിക്കൽ ഓഫീസർക്ക് നൽകി. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| തുക | ഫണ്ട് | ചെക്ക് നം |
|---|---|---|
| 80,000/- | തനത് ഫണ്ട് | 328407/11.6.19 |
| 80,000/- | തനത് ഫണ്ട് | 01771/6.1.20 |
| 1,60,000/- | | |

മേൽ തുകകൾ ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ 1,60,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-23/ 28.1.22

1-18 അലമാര വാങ്ങൽ - അംഗീകൃത ക്വട്ടേഷൻ നിരക്കിൽ കൂടിയ വിലയ്ക്ക് സപ്ലൈ ഓർഡർ നല്കി - നഷ്ടം 9,675/-

പദ്ധതി – സർക്കാർ സ്കൂളുകളിൽ ലൈബ്രറി സൗകര്യം വർദ്ധിപ്പിക്കൽ (എസ്.ഒ.217/2019-20)

നിർവ്വഹണം- ഹെഡ്മിസ്ട്രസ്

അടങ്കൽ- 45,125/- തനത് ഫണ്ട്.

(സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ്- 44,975/- )

യഥാർത്ഥ ചെലവ്– 43,625/-

ട്രഷറി ചെക്ക് നമ്പർ- 2926461 തീയതി. 30.12.2019 തുക- 43,625/-

ടി പദ്ധതിക്കായി അലമാര വാങ്ങുന്നതിന് 26.04.2018 ലെ 1/25 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് (6,790/-) രേഖപ്പെടുത്തിയ പ്ലാസ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ അലമാരയ്ക്ക് വേണ്ടിയുള്ള സ്പെസിഫിക്കേഷൻ രേഖപ്പെടുത്തി നല്കിയിട്ടില്ല. 3 തരം സ്പെസിഫിക്കേഷനും നിരക്കും രേഖപ്പെടുത്തി പ്ലാസ പ്രൊഫോർമ ഇൻവോയിസ് നല്കിയിട്ടുണ്ട്. 12.10.2018 ലെ 3(3) കമ്മിറ്റി തീരുമാനം പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്ലാസ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ടി സാധനത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പഞ്ചായത്ത് പർച്ചേസിംഗ് കമ്മിറ്റിയേയും സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കി വിതരണം ചെയ്യുന്നതിന് നിർവ്വഹണോദ്യോഗസ്ഥയേയും ചുമതലപ്പെടുത്തി. അലമാരയുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഇല്ല. 24.11.2018 ൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയല്ലാതെ അലമാര 1 ന് 8,800/- രൂപ നിരക്കിൽ നിർവ്വഹണോദ്യോഗസ്ഥ സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. ഫൈനൽ ബില്ലിൽ 5 എണ്ണത്തിന് 8,725/-രൂപ നിരക്കിൽ രേഖപ്പെടുത്തി 43,625/- രൂപ

നൽകി. എന്നാൽ സ്ഥാപനം നൽകിയ ഫൈനൽ ബില്ലിൽ അലമാര എന്ന് മാത്രം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സ്ഥാപനം രേഖപ്പെടുത്തി നൽകിയ കുറഞ്ഞ നിരക്കായ 6,790/-രൂപ പരിഗണിക്കാൻ കഴിയൂ അതായത് 5 അലമാരയ്ക്ക് 33,950/- രൂപ മാത്രമേ അനുവദിക്കാൻ കഴിയൂ. നിർവ്വഹണോദ്യോഗസ്ഥ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തി സപ്ലൈ ഓർഡർ നല്കാതിരുന്നതിനും, പ്ലാസ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനം ക്വാട്ട് ചെയ്യാത്ത ഒരു നിരക്ക് (@8800/-) രേഖപ്പെടുത്തി സപ്ലൈ ഓർഡർ നല്കിയതിനും ഗുണനിലവാര പരിശോധന നടത്തി, പർചേസിംഗ് കമ്മിറ്റി ശുപാർശ ചെയ്യാത്തതിനാലും, കൂടിയ നിരക്കിൽ സപ്ലൈ ഓർഡർ നല്കിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കി. മറുപടിയിൽ പർചേസിംഗ് കമ്മിറ്റി പ്ലാസ എന്റർപ്രൈസസിന്റെ 6,790/-രൂപ വിലയുള്ള അലമാര ഗുണനിലവാരമില്ലാത്തതിനാൽ ആ സ്ഥാപനത്തിന്റെ തന്നെ 8,800/-രൂപ നിരക്കിലുള്ള അലമാര നെഗോസിയേഷനിലൂടെ 8,725/-രൂപയ്ക്ക് വാങ്ങാൻ ശുപാർശ ചെയ്തുവെന്നാണ്. 3 തരം സ്പെസിഫിക്കേഷനും നിരക്കും രേഖപ്പെടുത്തി പ്ലാസ എന്റർപ്രൈസസ് നല്കിയ പ്രൊഫോർമ ഇൻവോയിസിൽ യഥാക്രമം 6790, 7990, 8990 നിരക്കുകളാണ് നല്കിയിട്ടുള്ളത്. 8,800/-നിരക്ക് പ്ലാസ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പർചേസിംഗ് കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കാൻ കഴിയില്ല. ആയതിനാൽ പ്ലാസ എന്റർപ്രൈസസിന്റെ ഫൈനൽ ബില്ലിൽ അലമാര എന്നുമാത്രം രേഖപ്പെടുത്തിയിട്ടുള്ളതിനാലും പർചേസിംഗ് കമ്മിറ്റി ശുപാർശ ചെയ്ത 8,800/-രൂപയുടെ അലമാര പ്രൊഫോർമ ഇൻവോയിസിൽ ഇല്ലാത്തതിനാലും കുറഞ്ഞ നിരക്കായ 6,790/-രൂപ മാത്രമേ പരിഗണിക്കാൻ കഴിയൂ. (5 അലമാരയ്ക്ക് @6790) 33,950/-നല്കേണ്ട സാഹചര്യത്തിൽ 43,625/- നല്കിയിരിക്കുന്നു. അധികമായി നല്കിയ 9,675/-രൂപ നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/2019-20, തീ. 20.01.2022

1-19 കുടിവെള്ള ഗാർഹിക കണക്ഷൻ - അനുബന്ധരേഖകൾ ഹാജരാക്കിയില്ല - 45,000/- രൂപ തടസ്സം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് വിശദാംശം ലഭ്യമാക്കാത്തതിനാൽ തുക തടസ്സം ചെയ്യുന്നു.

(1) പദ്ധതി- കുടിവെള്ള ഗാർഹിക കണക്ഷൻ (46/2019-20)

ഫണ്ട്- വികസനഫണ്ട് (ജനറൽ) 1,50,000/-

ചെലവ്- 20,000/-

(1) ബിൽ നമ്പർ 35/19-20 തീയതി. 23.03.2020, 5,000/-

(2) ബിൽ നമ്പർ 40/19-20 തീയതി.30.03.2020, 15,000/-

ക്രമ നമ്പർ 2 പ്രകാരം മാറിയ 15,000/- രൂപ ലക്ഷ്മണൻ.പി, സുരേഷ് കുമാർ.ജി, സദാനന്ദൻ.വി എന്നിവരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ഉൾപ്പെട്ട അപേക്ഷ, കേരള ജല അതോറിറ്റിയിൽ നിന്നും വാട്ടർ കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ പരാമർശ വ്യക്തികൾ ഉൾപ്പെട്ട ഗുണഭോക്തൃ പട്ടികയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(2) പദ്ധതി- കുടിവെള്ള ഗാർഹിക കണക്ഷൻ (എസ്.ഒ.194/2019-20)

ഫണ്ട്- വികസനഫണ്ട് (ജനറൽ) 69,000/-

തനത്- 500/-

ചെലവ്- 55000/-

(1) ബിൽ നമ്പർ 2/19-20 തീയതി. 16.07.2019, 30,000/-

(2) ബിൽ നമ്പർ 16/19-20 തീയതി. 16.12.2019, 25,000/-

ക്രമ നമ്പർ 1 പ്രകാരം മാറിയ 30,000/-രൂപയുടെ ചെലവ് രേഖകൾ (ഗുണഭോക്താക്കളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ഉൾപ്പെട്ട അപേക്ഷ, ഗുണഭോക്തൃലിസ്റ്റ്, കേരള ജല അതോറിറ്റിയിൽ നിന്നും വാട്ടർ

കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ) എന്നിവ ഹാജരാക്കിയില്ല.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/19.01.2022 ന് മറുപടി ലഭ്യമാക്കിയില്ല. രണ്ടു പദ്ധതികളിലായി 45,000/-രൂപ തടസ്സം ചെയ്യുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 സുരക്ഷാക്രമീകരണങ്ങൾ ഉറപ്പ് വരുത്താതെ സ്ഥാപിച്ച നിരീക്ഷണക്യാമറകൾ ഫലംകണ്ടില്ല.

പദ്ധതി - പൊതുനിരത്തിൽ നിരീക്ഷണക്യാമറ സ്ഥാപിക്കൽ (എസ്.ഒ.163/2019-20)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി.

അടങ്കൽ- 2,50,000/-(ധനകാര്യകമ്മിഷൻ ഗ്രാന്റ്)

ചെലവ്- 2,45,080/-


ബിൽ നമ്പർ 5/2019-20 തീയതി. 27.07.2019

പൊതുനിരത്തിൽ മാലിന്യം നിക്ഷേപിക്കുന്നതു തടഞ്ഞ് സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന് പദ്ധതി ലക്ഷ്യം വച്ച് അംഗീകാരം നേടി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതി പ്രദേശത്തിന്റെ പ്രത്യേകത പരിഗണിച്ച് ഡി.പി.സി വിദഗ്ധ സമിതിയുടെ അംഗീകാരം വാങ്ങേണ്ടിയിരുന്നുവെങ്കിലും അപ്രകാരമുള്ള അംഗീകാരം വാങ്ങിയിട്ടില്ല. 18.8.2019 ൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചതിൽ ടി പദ്ധതിക്കായി ക്വട്ടേഷൻ ലഭിച്ചില്ല. 07.01.2019 ലെ 2/6 നമ്പർ തീരുമാന പ്രകാരം 7.1.19 ൽ പുനർദർഘാസ് ക്ഷണിച്ചു. 07.01.2019 ൽ നടന്ന പുനർ ദർഘാസിൽ അനന്തരാജ് സന്തോഷ് കുമാർ, നീറിയ ടെക്നോളജീസ് & സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ സിംഗിൾ ടെണ്ടർ 18.01.2019 ലെ 1/2 തീരുമാനപ്രകാരം അംഗീകരിക്കുകയും 29.01.2019 ലെ റ്റി4-300/18 കത്ത് പ്രകാരം 25,500/-രൂപ സെക്യൂരിറ്റി തുക സ്വീകരിച്ച് കരാർ വച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ കത്ത് നല്കുകയും ചെയ്തു. 25.02.2019 ൽ കരാർ ഉടമ്പടി (കരാർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല) വച്ച സ്ഥാപനം 26.03.2019 ൽ പ്രവൃത്തി പൂർത്തീകരിച്ചതായി കാണിച്ച് കത്ത് നല്കി 2,45,080/-രൂപ കൈപ്പറ്റി. പത്തേക്കർ ജം, ശെന്തുരണി ഫോറസ്റ്റ് സ്റ്റേഷൻ, ഡി.എഫ്.ഒ. ജം. ഓഫീസ് കോംപ്ലക്സ് എന്നീ സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിച്ചതായി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ഉണ്ട്. ഓഫീസ് കോംപ്ലക്സിൽ സ്ഥാപിച്ച ക്യാമറ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല. സ്ഥാപിച്ച ക്യാമറകളെല്ലാം കുരങ്ങ് നശിപ്പിച്ചതായി ഓഫീസ് അധികാരികൾ അറിയിച്ചു. പ്രസ്തുത പദ്ധതിക്കായി വാങ്ങിയ മോണിറ്റർ മറ്റ് ഓഫീസ് ആവശ്യത്തിനായി ഉപയോഗിക്കുന്നതായും, മറ്റ് അക്സസറീസ് ഇളക്കി മാറ്റി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായും കണ്ടെത്തി. സ്ഥാപനവുമായി വച്ച കരാർ പരിശോധിച്ചതിൽ വാറന്റി പിരീഡ്, ആനുവൽ മെയിന്റനൻസ് കരാർ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ക്യാമറ സ്ഥാപിക്കുമ്പോൾ അതിന്റെ കൃത്യമായ പ്രവർത്തനത്തിന് വന്യമൃഗങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ പദ്ധതി വിഭാവന ചെയ്തവർ പരിഗണിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു. അനന്തരാജ് സന്തോഷ് കുമാർ, നീറിയ ടെക്നോളജീസ് & സിസ്റ്റംസ് നിന്നും 25,500/- രൂപ സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിൽ വാങ്ങിയ തുക പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. കരാറിൽ പദ്ധതി നിർവ്വഹണ ഏജൻസിയുമായി ആനുവൽ മെയിന്റനൻസ് വ്യവസ്ഥ ഉൾപ്പെടുത്താതിരുന്നതും, നാളിതുവരെ ക്യാമറ റിപ്പയർ നടത്താതിരുന്നതും അംഗീകരിക്കാൻ കഴിയില്ല. മെയിന്റനൻസ് സംബന്ധിച്ച് സ്ഥാപനത്തിന് രേഖാമൂലം കത്ത് നല്കിയിട്ടുണ്ടോ എന്നതിനും ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുന്നതിനും ഓഡിറ്റ് എൻക്വയറി നമ്പർ 25/2019-20 28.01.2022 പ്രകാരം അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 30.11.2021 ലെ ത.സ്വ.ഭ.വ (ഡി.എ)നം ഡി.എ.1/317/2021) നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് പ്രകാരം സ്ഥാപിച്ചിരിക്കുന്ന ക്യാമറകളുടെ പ്രവർത്തനക്ഷമതയും, ഇതിന്റെ സഹായത്തോടെയുള്ള മോണിറ്ററിംഗും ത.സ്വ.ഭ.വ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. സി.സി.റ്റി.വി യുടെ ഗുണനിലവാരം, വില എന്നിവ സംബന്ധിച്ചും പരിശോധന നടത്തണം ഇപ്രകാരമുള്ള പ്രവർത്തനങ്ങളും തുടർപരിപാലനവും ഉറപ്പാക്കാത്തതിനാൽ നിരീക്ഷണക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയില്ലയെന്ന് ഓഡിറ്റ്

വിലയിരുത്തുന്നു. വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഏജൻസിയുമായി ബന്ധപ്പെട്ട് നിരീക്ഷണക്യാമറ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കാത്തതിനാലും ടി പദ്ധതിക്കായി ചെലവഴിച്ച 2,45,080/-രൂപ തടസ്സം ചെയ്യുന്നു. നിരീക്ഷണക്യാമറ പ്രവർത്തനസജ്ജമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.





ഓഡിറ്റ് എൻക്വയറി നമ്പർ 1/2019-20 തീയതി.19.01.2022

1-21 നിക്ഷേപപ്രവൃത്തികൾക്കായി തുക വിനിയോഗിച്ചു. വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. 12,855/-രൂപ തടസ്സം.

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തിനിർവ്വഹണത്തിനായി അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക വകയിരുത്തി നിർവ്വഹണ ഏജൻസിക്ക് തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം./തീയതി | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | ഉറുകുന്ന് പട്ടിക വർഗ്ഗ കോളനി വിജ്ഞാനകേന്ദ്രത്തിന് കുടിവെള്ള കണക്ഷൻ (എസ്.ഒ. 284/2019-20 | 12855/-(വികസന ഫണ്ട്.ടി.എസ്.പി) | 06/2019-20 തീയതി. 03.03.2020 | അസി.എക്സി. എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി |
| | ആകെ | 12,855/- | | |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15 തീയതി. 28.01 .2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 12,855/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ-വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി 12,855/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-22 നിക്ഷേപ പദ്ധതികൾക്കായി തുക - വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. 6,95,724/-തടസ്സം

ചെയ്യുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തുക വകയിരുത്തി വിവിധ നിർവ്വഹണ ഏജൻസികൾക്കായി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം./തീയതി | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | ഐ.കെ.എം.വിഹിതം (പ്രോജക്റ്റ് നമ്പർ എസ്.ഒ.ഒ.01.2019-20) | 1,36,983/-(വികസന ഫണ്ട്.) | 4/2019-20 തീയതി. 27.07.2019 | പ്രോജക്റ്റ് ഓഫീസർ (ഐ.കെ.എം.) |
| 2 | തേവർകുന്ന് കുടിവെള്ള പദ്ധതി. (രണ്ടാം ഘട്ടം.)എസ്.ഒ. 148/2019-20 | 3,00,000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 11/2019-20 തീയതി. 14.08.2019 | കേരള വാട്ടർ അതോറിറ്റി. തെൻമല |
| 3 | പൈപ്പ് ലൈൻ നീട്ടൽ (സ്പിൽഓവർ) എസ്.ഒ 149/2019-20 | 2,00,000/- (ധനകാര്യകമ്മിഷൻ ഗ്രാന്റ് ) | 12/2019-20 തീയതി. 14.08.2019 | കേരള വാട്ടർ അതോറിറ്റി. തെൻമല |
| 4 | വൈദ്യുതിപോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ്.ഒ. 220/2019-20) | 50,000/- (വികസനഫണ്ട്) 8741//-(തനത് ഫണ്ട്) | 18/2019-20 തീയതി. 10.01.2020 | കെ എസ് ഇ ബി, ഇലക്ട്രിക്കൽ സെക്ഷൻ. |
| | ആകെ | 6,95,724/- | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1 തീയതി. 19.01 .2021) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 6,95,724/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി 6,95,724/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 ചെലവ് രേഖകളും തുടർപ്രവർത്തന വിവരങ്ങളും ലഭ്യമായില്ല - പ്രോജക്റ്റ് നിർവഹണം. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം.203/20

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

ജീവിത ശൈലീ രോഗങ്ങൾക്ക് പരിശോധന മൊബൈൽ യൂണിറ്റ്

അടങ്കൽ- 1,12,809/- വികസന ഫണ്ട്

ചെലവ് - 1,12,809/- ബിൽ നം.12/04.9.19

കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി, കുറഞ്ഞ നിരക്കിൽ കിടപ്പുരോഗികൾക്കും മറ്റും വാതിൽപ്പടി സേവനം ലഭ്യമാക്കാൻ ലക്ഷ്യമിട്ട ഈ പദ്ധതി നിർവഹണത്തിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ ഇൻവോയിസ് നം.PR F1019/4.09.19 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങി.

1. ഗ്ലൂക്കോമീറ്റർ - 150 Units
2. ബി.പി. അപ്പാരട്ടസ് - 5 എണ്ണം
3. ലാൻസെറ്റ് - 6661 എണ്ണം

ഇവ സ്റ്റോക്കിലെടുത്തതല്ലാതെ കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല. കൂടാതെ വാങ്ങിയ പരിശോധനാ ഉപകരണങ്ങൾ ഉപയോഗിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തിയതിന്റെ യാതൊരു രേഖകളും ഓഡിറ്റിനു ഹാജരാക്കിയില്ല. ആയതിനാൽ ഈ പദ്ധതി ചെലവ് 1,12,809/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കുടുംബശ്രീ സംവിധാനത്തിലൂടെ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനു പരിശീലനം ലഭിച്ച വനിതകൾക്ക് വ്യക്തിപരമായും ഗ്രൂപ്പുകൾക്കായും രൂപീകൃതമാകുന്ന മൊബൈൽ ജീവിതശൈലീ പരിശോധനാ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ നൽകാവുന്നതാണ്. ഒരു യൂണിറ്റിന് 40,000/- രൂപയാണ് പരമാവധി സബ്സിഡി. ഉപകരണങ്ങളുടെ വിലയും വാഹനത്തിന്റെ വിലയും ബാങ്ക് വായ്പയായോ, ഗുണഭോക്തൃ വിഹിതമായോ ലഭ്യമാക്കണം. ബാങ്ക് വായ്പ ഉണ്ടെങ്കിൽ ബാക്ക് എൻഡ് സബ്സിഡി ആയി വേണം ആനുകൂല്യം നൽകാൻ. ഓരോ പരിശോധനക്കുമുള്ള ഫീസ് പി.എം.സി-കൾ നിശ്ചയിക്കണം.

മേൽ സൂചിപ്പിച്ച യാതൊരു മാർഗ്ഗ നിർദേശവും പദ്ധതി നിർവഹണത്തിൽ നിർവഹണോദ്യോഗസ്ഥ പാലിച്ചില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.18/27.1.22 ന് മറുപടി ലഭ്യമായില്ല.
തടസ്സം- 1,12,809/-രൂപ

1-24 മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് തുക തടസപ്പെടുത്തുന്നു.

പ്രോജക്ട് നം.202/20
അടങ്കൽ- 30,000/- മെയിന്റനൻസ് ഗ്രാന്റ്
ചെലവ്- 30,000/-
ബിൽനം. 26/ 2.3.20 - 10,000/-
ബിൽ നം.33/18.3.20- 20,000/-

മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനത്തിന് ഭാഗമായി പഞ്ചായത്തിന്റെ നാല് വാർഡുകളിൽ 18/12/19 മുതൽ 20/12/19 വരെ ജെസിബി ഉപയോഗിച്ച് തോടുകൾ വൃത്തിയാക്കിയതിന് 20,000/- രൂപ ദർശന എർത്ത് മൂവേഴ്സ് എന്ന സ്ഥാപനത്തിനു നൽകിയിരിക്കുന്നു. മഴക്കാലത്തിനു അഞ്ചു മാസങ്ങൾക്ക് മുൻപ് നടത്തിയ ഈ പ്രവൃത്തികളുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്.

10,000/-രൂപ ചെലവഴിച്ചു രജനീ മെഡിക്കൽസിൽ നിന്നും ചുവടെ ചേർത്തിരിക്കുന്നവ വാങ്ങിയിരിക്കുന്നു

1. ഗൗസുകൾ - 60 Nos
2. ഹാൻഡ് വാഷ് - 20 Bottle
3. സാനിറ്റൈസർ - 10 Bottle
4. മാസ്ക്- 250 Nos

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി മേൽ സാധനങ്ങൾ ഒന്നും ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. പ്രോജക്ടിൽ പ്രത്യേകമായി പ്രവർത്തനങ്ങൾ നിർവചിക്കാത്തതിനാൽ കേവലം സാധനങ്ങൾ വാങ്ങാനായി ലഭ്യമായ ഫണ്ടിന്റെ ഒരു ഭാഗം ഉപയോഗിക്കുകയായിരുന്നു. മഴക്കാല പൂർവ്വ പ്രവർത്തനങ്ങൾക്ക് കൃത്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തി മഴക്കാലത്തിനു മുൻപ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

പ്രതിരോധപ്രവർത്തനങ്ങൾ നടത്തിയതിന്റെ യാതൊരു രേഖകളും ഓഡിറ്റിനു ഹാജരാക്കിയില്ല. ആയതിനാൽ ടി ചെലവ് 10,000/- രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമായില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഇടമൺ വില്ലേജ് ഓഫീസിലെ കറണ്ട് ചാർജ്ജ് ഗ്രാമപഞ്ചായത്ത് ഒടുക്കി. 7,083/-രൂപ നിരാകരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 12/432-നമ്പർ കെട്ടിടത്തിൽ താൽക്കാലിക കാലയളവിൽ വാടകരഹിതമായി പ്രവർത്തിച്ചിരുന്ന ഇടമൺ വില്ലേജ് ഓഫീസിലെ 5/19 മുതൽ 1/20 വരെയുള്ള കറണ്ട് ചാർജ്ജ് (കൺസ്യൂമർ നമ്പർ-14263) 7,083/-രൂപ (ചെക്ക് നം- 017796/29.2.20) ഗ്രാമപഞ്ചായത്ത് ഒടുക്കി. ഈ ചെലവിന് 10.3.20 ലെ 9(1)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കറണ്ട് ചാർജ്ജിനത്തിൽ ഒടുക്കുവരുത്തിയ 7,083/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-21/28.1.22

3-2 പുനലൂർ ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ അന്ധതനിവാരണ ക്യാമ്പിന്റെ അനൌൺസ്മെന്റ് ചെലവ് ഗ്രാമപഞ്ചായത്ത് നൽകി. 5,500/- രൂപ നിരാകരിക്കുന്നു.

2019-20 വർഷത്തിൽ പുനലൂർ ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 1.9.19 തീയതിയിൽ നടത്തിയ അന്ധതനിവാരണ ക്യാമ്പിന്റെ അനൌൺസ്മെന്റ് ചെലവിനത്തിൽ 5,500/-രൂപ(ചെക്ക് നം-012150/4.9.19) ഗ്രാമപഞ്ചായത്ത് നൽകി. ഇപ്രകാരം ചെലവ് ചെയ്യാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 5,500/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം-6/27.1.22

3-3 അലമാര വാങ്ങൽ - അംഗീകൃത ക്വട്ടേഷൻ നിരക്കിൽ കൂടിയ വിലയ്ക്ക് സപ്ലൈ ഓർഡർ നല്കി - നഷ്ടം 9,675/-

പദ്ധതി – സർക്കാർ സ്കൂളുകളിൽ ലൈബ്രറി സൗകര്യം വർദ്ധിപ്പിക്കൽ (എസ്.ഒ.217/2019-20)

നിർവ്വഹണം- ഹെഡ്മിസ്ട്രസ്

അടങ്കൽ- 45,125/- തനത് ഫണ്ട്.

(സുലേഖ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ്- 44,975/- )

യഥാർത്ഥ ചെലവ്– 43,625/-

ട്രഷറി ചെക്ക് നമ്പർ- 2926461 തീയതി. 30.12.2019 തുക- 43,625/-

ടി പദ്ധതിക്കായി അലമാര വാങ്ങുന്നതിന് 26.04.2018 ലെ 1/25 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്ക് (6,790/-) രേഖപ്പെടുത്തിയ പ്ലാസ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു. ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥ അലമാരയ്ക്ക് വേണ്ടിയുള്ള സെപ്സിഫിക്കേഷൻ രേഖപ്പെടുത്തി നല്കിയിട്ടില്ല. 3 തരം സ്പെസിഫിക്കേഷനും നിരക്കും രേഖപ്പെടുത്തി പ്ലാസ പ്രൊഫോർമ ഇൻവോയിസ് നല്കിയിട്ടുണ്ട്. 12.10.2018 ലെ 3(3) കമ്മിറ്റി തീരുമാനം പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്ലാസ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. ടി സാധനത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പഞ്ചായത്ത് പർചേസിംഗ് കമ്മിറ്റിയേയും സ്ഥാപനത്തിന് സപ്ലൈ ഓർഡർ നല്കി വിതരണം ചെയ്യുന്നതിന് നിർവ്വഹണോദ്യോഗസ്ഥയേയും ചുമതലപ്പെടുത്തി. അലമാരയുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ ഇല്ല. 24.11.2018 ൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയല്ലാതെ അലമാര 1 ന് 8,800/- രൂപ നിരക്കിൽ നിർവ്വഹണോദ്യോഗസ്ഥ സപ്ലൈ ഓർഡർ നല്കിയിട്ടുണ്ട്. ഫൈനൽ ബില്ലിൽ 5 എണ്ണത്തിന് 8,725/-രൂപ നിരക്കിൽ രേഖപ്പെടുത്തി 43,625/- രൂപ നൽകി. എന്നാൽ സ്ഥാപനം നൽകിയ ഫൈനൽ ബില്ലിൽ അലമാര എന്ന് മാത്രം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ സ്ഥാപനം രേഖപ്പെടുത്തി നൽകിയ കുറഞ്ഞ നിരക്കായ 6,790/-രൂപ പരിഗണിക്കാൻ കഴിയൂ അതായത് 5 അലമാരയ്ക്ക് 33,950/- രൂപ മാത്രമേ അനുവദിക്കാൻ കഴിയൂ. നിർവ്വഹണോദ്യോഗസ്ഥ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തി സപ്ലൈ ഓർഡർ നല്കാതിരുന്നതിനും, പ്ലാസ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനം ക്വാട്ട് ചെയ്യാത്ത ഒരു നിരക്ക് (@8800/-) രേഖപ്പെടുത്തി സപ്ലൈ ഓർഡർ നല്കിയതിനും ഗുണനിലവാര പരിശോധന നടത്തി, പർചേസിംഗ് കമ്മിറ്റി ശുപാർശ

ചെയ്യാത്തതിനാലും, കൂടിയ നിരക്കിൽ സപ്ലൈ ഓർഡർ നല്കിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കി. മറുപടിയിൽ പർചേസിംഗ് കമ്മിറ്റി പ്ലാസ എന്റർപ്രൈസസിന്റെ 6,790/-രൂപ വിലയുള്ള അലമാര ഗുണനിലവാരമില്ലാത്തതിനാൽ ആ സ്ഥാപനത്തിന്റെ തന്നെ 8,800/-രൂപ നിരക്കിലുള്ള അലമാര നെഗോസിയേഷനിലൂടെ 8,725/-രൂപയ്ക്ക് വാങ്ങാൻ ശുപാർശ ചെയ്തുവെന്നാണ്. 3 തരം സ്പെസിഫിക്കേഷനും നിരക്കും രേഖപ്പെടുത്തി പ്ലാസ എന്റർപ്രൈസസ് നല്കിയ പ്രൊഫോർമ ഇൻവോയിസിൽ യഥാക്രമം 6790, 7990, 8990 നിരക്കുകളാണ് നല്കിയിട്ടുള്ളത്. 8,800/-നിരക്ക് പ്ലാസ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പർചേസിംഗ് കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കാൻ കഴിയില്ല. ആയതിനാൽ പ്ലാസ എന്റർപ്രൈസസിന്റെ ഫൈനൽ ബില്ലിൽ അലമാര എന്നുമാത്രം രേഖപ്പെടുത്തിയിട്ടുള്ളതിനാലും പർചേസിംഗ് കമ്മിറ്റി ശുപാർശ ചെയ്ത 8,800/-രൂപയുടെ അലമാര പ്രൊഫോർമ ഇൻവോയിസിൽ ഇല്ലാത്തതിനാലും കുറഞ്ഞ നിരക്കായ 6,790/-രൂപ മാത്രമേ പരിഗണിക്കാൻ കഴിയൂ. (5 അലമാരയ്ക്ക് @6790) 33,950/-നല്കേണ്ട സാഹചര്യത്തിൽ 43,625/- നല്കിയിരിക്കുന്നു. അധികമായി നല്കിയ 9,675/-രൂപ നിരാകരിക്കുന്നു. നഷ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/2019-20, തീ. 20.01.2022

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2022-January 23, 24, 26 | കെ.എസ്.എ.കെ.എൽ.എം.പി.1/408/22 തീയതി. 6.1.22 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,00,000/- | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 5,00,000/- | വെള്ളിമല മെപ്പാളം റോഡ് ഐറിഷ് ഡ്രൈവ് | 4,99,913/- | 87/- |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 40,00,000/- | ലൈഫ് ഭവനപദ്ധതി (ജനറൽ) | 11,711/- | 39,88,289/- |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2019-20 | 1,40,000/- | അംഗൻവാടി അനുപൂരക പോഷകാഹാരം | 1,40,000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2019-20 | 1,00,000/- | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2019-20 | 2,00,000/- | പാലിന് സബ്സിഡി | 2,00,000/- | 0 |
| കൊല്ലം ജില്ലാ പഞ്ചായത്ത് | 2019-20 | 40,00,000/- | ലൈഫ് ഭവനപദ്ധതി (ജനറൽ) | 8,48,289/- | 31,51,711/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർനം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| KWA | 149/20 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | 2,00,000/- | 0 | 2,00,000/- |
| KWA | 284/20 ഉറുകുന്ന് പട്ടികവർഗ്ഗ കോളനി – കുടിവെള്ള പദ്ധതി | | 12,855/- | 0 | 12,855/- |
| KWA | 148/20 തേവർകുന്ന് കുടിവെള്ള പദ്ധതി | | 3,00,000/- | 0 | 3,00,000/- |
| KSEB | 220/20 പോസ്റ്റ് ഷിഫ്റ്റിംഗ് | | 74,175/- | 58,471/- | 15,704/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | 1,64,80,000/- | 2,55,60,000/- | 27,20,588/- | 3,93,19,412/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4,000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 35 | 2002-03 | VII-2-(5) | തെൻമല മാർക്കറ്റ് റോഡ് ഉദ്ധാരണം | ലഭ്യമല്ല. |
| 2004-05 | 3-4 | 2010-11 | 5-2.6(1) | SGRY ഗാന്ധി ജം.-ഏലാ റോഡ് പണി പൂർത്തീകരിച്ചില്ല. | ലഭ്യമല്ല |
| 2005-06 | 3-13 | 2010-11 | 5-2.6(1) | മുൻകൂർ നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല. | ലഭ്യമല്ല. |
| 2008-09 | 3-13 | 2010-11 | 5-2.6 (2) | ഹരിയാലി പദ്ധതിയിൽ ക്രമക്കേട്- ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ച | പിൻവലിച്ചിട്ടുള്ള തുക കൃഷി ഓഫീസർ 10-05-12 ൽ 36104/83 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. |
| 2008-09 | 3-5 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. | ലഭ്യമല്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7,083/- | ശ്രീ.ഈശ്വരദാസ് (സെക്രട്ടറി) |
| 3-2 | | 5,500/- | ശ്രീ.സഞ്ജയൻ.എസ് (സെക്രട്ടറി) |
| 3-3 | | 9,675/- | ശ്രീമതി.ശ്രീലത.എസ് (ഹെഡ്മിസ്ട്രസ്സ്) |
| ആകെ | | 22,258/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-11 | 27,500/- | | ഡോ.ഷെമീർ.എ മെഡിക്കൽ ഓഫീസർ - പി.എച്ച്.സി |
| 1-16 | 14,20,817/- | 13,48,770/- | ഡോ.മണിമോഹൻ.വി.എസ് വെറ്റിനറി സർജൻ |
| | | 72,047/- | ഡോ. അനീഷ്. എം.കെ വെറ്റിനറി സർജൻ |
| 1-17 | 1,60,000/- | | ഡോ.ഷെമീർ.എ മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| 1-19 | 45,000/- | | ശ്രീ.ഈശ്വരദാസ് സെക്രട്ടറി |
| 1-20 | 2,45,080/- | | ശ്രീ.സഞ്ജയൻ.എസ് സെക്രട്ടറി |

| | | |
|---|---|---|
| 1-21 | 12,855/- | ശ്രീ.കെ.ശശികുമാർ<br>അസി.സെക്രട്ടറി |
| 1-22 | 6,95,724/- | ശ്രീ.സഞ്ജയൻ.എസ്<br>സെക്രട്ടറി |
| 1-23 | 1,12,809/- | ഡോ.ലക്ഷ്മി.എസ്<br>മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി |
| 1-24 | 10,000/- | ഡോ.രശ്മി<br>മെഡിക്കൽ ഓഫീസർ-പി.എച്ച്.സി |
| ആകെ | 27,29,785/- | |

(ബി).കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അനീഷ്. എം.കെ<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ<br>തെന്മല മൃഗാശുപത്രി | സംഗീത്, കാര്യത പി.ഒ, പുനലൂർ |
| ഡോ.മണിമോഹൻ.വി.എസ്<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ<br>തെന്മല മൃഗാശുപത്രി | കൊച്ചുമുറിയിൽ, ഇടമൺ 34, കൊല്ലം |
| ശ്രീ.സഞ്ജയൻ.എസ്<br>സെക്രട്ടറി | വിരമിച്ചു. | സഞ്ജയ് മന്ദിരം, കിളിമാനൂർ |
| ശ്രീ.ഈശ്വരദാസ്<br>സെക്രട്ടറി | സെക്രട്ടറി<br>പിറവന്തൂർ<br>ഗ്രാമപഞ്ചായത്ത് | പല്ലവി, നിലേശ്വരം പി.ഒ,<br>കൊട്ടാരക്കര. |
| ശ്രീമതി.ശ്രീലത.എസ്<br>ഹെഡ്മിസ്ട്രസ്സ് | ന്യൂ എൽ.പി.എസ് ഇടമൺ | വിഷ്ണുഭവൻ, ഐക്കരക്കോണം.പി.ഒ,<br>പുനലൂർ. |
| ശ്രീ.നിധീഷ് ദേവ്<br>വി.ഇ.ഒ | അഞ്ചൽ ബ്ലോക്ക്<br>പഞ്ചായത്ത്. | പുഷ്പാലയം, കോട്ടയ്ക്കകം, കൊല്ലം |
| ഡോ.ഷെമീർ.എ<br>മെഡിക്കൽ ഓഫീസർ-<br>പി.എച്ച്.സി | പി.എച്ച്.സി. കുളത്തൂപ്പുഴ | കൊടിയൽവീട്, മഞ്ഞപ്പാറ, ആയൂർ |
| ശ്രീ.കെ.ശശികുമാർ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി, വിളക്കുടി<br>ഗ്രാമപഞ്ചായത്ത് | യദുകുലം, നിരാവിൽ, പെരിനാട്,<br>കൊല്ലം |
| ഡോ.ലക്ഷ്മി.എസ്.പി<br>മെഡിക്കൽ ഓഫീസർ-<br>എഫ്.എച്ച്.സി | പി.എച്ച്.സി. കുമ്മിൾ | അരുന്ധതി, ശാന്തിനഗർ,<br>അവനവഞ്ചേരി. പിഒ, ആറ്റിങ്ങൽ |

| | | |
|---|---|---|
| ഡോ.രശ്മി<br>മെഡിക്കൽ ഓഫീസർ-<br>എഫ്.എച്ച്.സി | പി.എച്ച്.സി, തെന്മല | പ്രണവം, ഉറുകുന്ന്, തെന്മല |
| ശ്രീമതി.അംജദ ഹബീബ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസ്,<br>തെന്മല | ജസീന മൻസിൽ, പേപ്പർ മിൽ പി.ഒ,<br>പുനലൂർ |
| ശ്രീ.രാജേഷ് കുമാർ<br>സെക്രട്ടറി ഇൻചാർജ്ജ് | സെക്രട്ടറി<br>തിടനാട് ഗ്രാമപഞ്ചായത്ത്,<br>കോട്ടയം | രജനി നിവാസ്, മുരുന്നൂൽ, പെരിനാട്<br>പി.ഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(4)/18<br>തീയതി-02/03/18 | 4 |
| 1998-1999 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(5)/18<br>തീയതി-02/03/18 | 1 |
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(6)/18<br>തീയതി-02/03/18 | 3 |
| 2000 -01 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(7)/18<br>തീയതി-02/03/18 | 11 |
| 2001 -02 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(8)/18<br>തീയതി-02/03/18 | 12 |
| 2002 -03 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(9)/18<br>തീയതി-02/03/18 | 10 |
| 2003 -04 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(10)/18<br>തീയതി-02/03/18 | 4 |
| 2004 -05 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(11)/18<br>തീയതി-02/03/18 | 4 |
| 2005 -06 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(12)/18<br>തീയതി-02/03/18 | 5 |
| 2006-07 | എൽ.എഫ്.ക്യൂ.പി.7-1324(15)/14, തീയതി 19.06.14 | 7 |
| 2007-08 | എൽ.എഫ്.ക്യൂ.പി.7-1324(16)/14, തീയതി 19.06.14 | 15 |
| 2008-09 | എൽ.എഫ്.ക്യൂ.പി.7-1324(17)/14, തീയതി 19.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി.7-1324(18)/14, തീയതി 19.06.14 | 7 |
| 2010-11 | എൽ.എഫ്.ക്യൂ.പി.7-1324(19)/14, തീയതി 19.06.14 | 11 |
| 2011-12 &<br>2012-13 | എൽ.എഫ്.ക്യൂ.പി.7-1912/13, തീയതി 31.03.14 | 20 |
| 2013-14 &<br>2014-15 | കെ.എസ്.എ-കെ.എൽ.എം-പി7.704/2016<br>തീയതി 17.05.2016. | 14 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം.പി1/470/18<br>തീയതി 16.03.18 | 9 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം.പി 1 /1778/2017<br>തീയതി 30.10.17 | 11 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം.പി 1/328/2019<br>തീയതി 14.01.2020 | 11 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം.പി1 /1248/20<br>തീയതി 11.01.2021 | 37 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം , കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്